# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3703 — 17.10.2011-ലെ മറുപടിക്ക്

## പ്രവർത്തനരഹിതമായിരിക്കുന്ന ജലനിധി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | | **ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | 2003-04-ൽ ജലനിധി പദ്ധതി പൂർണ്ണമായും നടപ്പാക്കിയ ഒരു തീരദേശ പഞ്ചായത്താണ് മലപ്പുറം ജില്ലയിലെ താനൂർ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്നാൽ വർഷങ്ങളായി പദ്ധതി ഇവിടെ ഭാഗികമായി പ്രവർത്തനരഹിതമായിരിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചിട്ടില്ല. പദ്ധതികൾ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയതിന് ശേഷം അതുമായി ബന്ധപ്പെട്ട പരിപാലന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ ജലനിധിക്ക് സംവിധാനങ്ങളില്ല. പദ്ധതിയുടെ പരിപാലന ചുമതല പൂർണ്ണമായും ഗുണഭോക്താക്കളിൽ നിക്ഷിപ്തമാണ്. |
| (സി) | പൈപ്പ്ലൈൻ സ്ഥാപിച്ചതിലെ അപാകതയാണോ പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം; | (സി) | അല്ല. |
| (ഡി) | അതല്ലെങ്കിൽ തടസ്സമായ ഘടകം എന്താണെന്ന് വ്യക്തമാക്കുമോ; | (ഡി) | പദ്ധതിയുടെ തുടർന്നുള്ള നടത്തിപ്പും - പരിപാലനവുമായി ബന്ധപ്പെട്ട് സാങ്കേതികവും, സാമൂഹികവുമായ പ്രശ്നങ്ങളാണ്. |
| (ഇ) | പദ്ധതിയുടെ ഭാഗികകമായ പ്രവർത്തനം തീരപ്രദേശത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് വഴി ഒരുക്കിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ഇല്ല. |

(എഫ്) ജലനിധി പദ്ധതി നിലവിലുളളതു മൂലം പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പൈപ്പുകൾ റിപ്പയർ ചെയ്യാൻ കഴിയാത്തതും മറ്റു പദ്ധതികൾ ഇവിടെ നടപ്പാക്കാൻപറ്റാത്തതുമായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(എഫ്) പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും നിലവിലുള്ള ജലനിധി പദ്ധതികളുടെ പരിപാലനത്തിന് തുക വിനിയോഗിക്കുവാൻ പാടില്ല എന്ന ഗവൺമെന്റ് ഉത്തരവ് നിലവിലുണ്ട്. ജലനിധി പദ്ധതി നിലവിലുളളത് കാരണം മറ്റ് പദ്ധതികൾ നടപ്പിലാക്കുന്നതിന് യാതൊരു നിയമതടസ്സവും നിലവിലില്ല.

(ജി) പദ്ധതിയുടെ രണ്ടാം ഘട്ടം ഇവിടെ എന്നു മുതലാണ് നടപ്പാക്കുക; രണ്ടാം ഘട്ടത്തിൽ ജലവിതരണം സുഗമമാക്കുന്ന രീതിയിൽ പൈപ്പുകൾ ക്രമീകരിക്കുമോ;

(ജി) ആദ്യ ഘട്ടത്തിൽ ജലനിധി നടപ്പിലാക്കിയ പഞ്ചായത്തുകളെ ജലനിധിയുടെ രണ്ടാം ഘട്ടത്തിൽ പരിഗണിക്കുന്നതിനെകുറിച്ച് നയപരമായ തീരുമാനം കൈക്കൊണ്ടില്ല.

(എച്ച്) അറ്റകുറ്റ പ്രവർത്തികൾ നടത്തുന്നതിനാവശ്യമായ ഫണ്ടും അത് ചെലവഴിക്കുന്നതിന് പഞ്ചായത്തുകൾക്ക് അനുമതിയും നൽകുമോ;

(എച്ച്) ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്.

(ഐ) താനൂർ തീരപ്രദേശത്തെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഐ) ജലനിധി പദ്ധതിയിൽ തീരുമാനിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ